ശ്രീ. എം. പി. ഗോവിന്ദൻ നായർ : റോഡിനേറയും ആറിന്റെയും തീരത്തു മാത്രമല്ല, മറ്റു ഉപയോഗശൂന്യമായി കിടക്കുന്ന എല്ലാ സ്ഥലങ്ങളിലും മരം വച്ചു പിടിപ്പിച്ചു പ്ലാന്റേഷൻ നടപ്പിലാക്കണമെന്നു ഗവണ്മെന്റിനു വിചാരമുണ്ടു്.

ശ്രീ. എൻ. എസ്സു്. കൃഷ്ണപിള്ള : നദികളുടെ തീരത്തുണ്ടായിരുന്ന മരങ്ങളും പെട്ടിമുറിച്ചു കളഞ്ഞതുകാരണം ആ പ്രദേശങ്ങളിൽ ഒരു തുള്ളി വെള്ളം കിട്ടാത്ത പരിതസ്ഥിതിയാണു് ഉണ്ടാകുന്നതു്. ഇനി മരം വച്ചുപിടിപ്പിച്ചു തണൽ കിട്ടിയാൽ വെള്ളം കെട്ടികിടക്കുമല്ലോ എന്ന കരുതിയാണു് ഞാൻ ഇതു പറഞ്ഞതു്, ഗവണ്മെന്റു് ഈ കാര്യം ശ്രദ്ധിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതു മാത്രമല്ല അതിൽ കൂടുതലും ചെയ്യാൻ ഗവണ്മെന്റിനു് ഉദ്ദേശമുണ്ടെന്നാണു് മറുപടി പറഞ്ഞതു്.

ശ്രീ. ജോസഫു് ചാഴിക്കാട്ടു് : ഇൻഡ്യയിൽ ആന്ധ്രാ പ്രദേശത്തും മദ്ധ്യപ്രദേശത്തും ആ രാജ്യത്തിന്റെ പതിനേഴു ശതമാനം വനഭൂമിയാണു്. നമ്മുടെ സംസ്ഥാനത്തു 30 ശതമാനം വനഭൂമിയായിരിക്കേയാണു്. ഇതിന്റെ ആവശ്യമെന്താണു് ?

മി. സ്പീക്കർ : മെമ്പറുടെ അറിവു് അതു ശരിയല്ല.

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അവർക്കില്ലാത്ത എന്തെല്ലാം കാര്യങ്ങളും നമുക്കു വേറെയുണ്ടു്.

ശ്രീ. എം. വി. വാസു : മലംപുഴ പ്രദേശത്തു മരം വച്ചു പിടിക്കുന്നകാര്യം എന്തായി ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഹിന്ദുസ്ഥാൻ ഓർഡ്നൻസു് ഫാക്ടറീസ് ആക്ടിന്റെ പ്രകാരമുള്ള ഭൂമിയാണു്. ഗവണ്മെന്റിലേക്കു് അതു അക്വയർ ചെയ്യണം. അതിനുള്ള നടപടി സ്വീകരിക്കേണ്ടതാണു്.

റീട്ടെയിൽ ന്യായവില ഷാപ്പുകാരുടെ പരാതികൾ

* 682. [7] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) റീട്ടെയിൽ ന്യായവില ഷാപ്പുകാരുടെ പരാതികൾ ഉൾക്കൊള്ളിച്ചു വല്ല നിവേദനവും ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിലെ പ്രധാന ആവശ്യങ്ങൾ എന്തെല്ലാം ;

(സി) അതിൽ ഏതൊക്കെ ആവശ്യങ്ങൾ പരിഹരിച്ചുകൊടുത്തു;

(ഡി) മറ്റുള്ളവ പരിഹരിക്കാൻ നേരിടുന്ന ബുദ്ധിമുട്ടുകൾ എന്തു ?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസു്):

(എ) റീട്ടെയിൽ ന്യായവിലഷാപ്പുകാരുടെ പരാതികൾ ഉൾക്കൊള്ളിച്ചുകൊണ്ടു് ആൾ കേരളാ ഫെയർ പ്രൈസ്സു് റീട്ടെയിൽ മർച്ചെന്റ്സു് അസോസിയേഷൻ ഗവണ്മെന്റു് മുമ്പാകെ, 11-12-1963-ൽ ഒരു മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടു്. കൂടാതെ ചില താലൂക്കുകളിലെ റീട്ടെയിൽ ന്യായവില ഷാപ്പുകാരുടെ അസോസിയേഷനുകളിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടു്.

(ബി) മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിട്ടുള്ള പ്രധാന ആവശ്യങ്ങൾ താഴെ പറയുന്നവയാണു്:—

(1) ന്യായവിലഷാപ്പുകളിൽകൂടി വിതരണം നടത്തുന്ന അരിയുടെ അളവു് വർദ്ധിപ്പിക്കുക.

(2) വ്യാപാരികൾക്കു് ലാഭവീതം വർദ്ധിപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(3) ന്യായവിലഷാപ്പുകളിൽക്കൂടി അരിവിതരണം നടത്തുന്നതിനു് ഇപ്പോഴും നിലവിലിരിക്കുന്ന മെട്രിക് ക്ലർക്കുമാർക്കു പകരം മെട്രിക്കു് രീതിയിലുള്ള ലിറ്റർ സമ്പ്രദായം (കൊള്ളളവുകോൽ) നടപ്പിലാക്കുക.

(4) ക്ലർക്കുമാർക്കു് ഒരു ഷാർട്ടേജു് അലവൻസു് അനുവദിക്കുക.

(5) സെൻട്രൽ സ്റ്റോറേജു് ഡിപ്പോകളിൽനിന്നും, ഹോൾസെയിൽ ഡിപ്പോകളിൽനിന്നും റീട്ടെയിൽ കടക്കാർക്കു് വിതരണം നടത്തുന്ന അരിയുടെ വില ഒരേ രീതിയിലാക്കുക.

(6) സെൻട്രൽ സ്റ്റോറേജു് ഡിപ്പോകളിൽനിന്നും ഹോൾസെയിൽ കടകളിൽനിന്നും ശരിയായ ക്ലർക്കു കൊടുക്കുക.

(7) ന്യായവിലഷാപ്പുകളിൽനിന്നും സൗജന്യമായി വിതരണം നടത്തിയിട്ടുള്ള അരിയുടെ വില ഉടനെ അനുവദിക്കുക.

(8) കൊല്ലം, ആലപ്പുഴ, എന്നീ സെൻട്രൽ സ്റ്റോറേജു് ഡിപ്പോകളിൽനിന്നും ഹോൾസെയിൽ കടക്കാർക്കും റീട്ടെയിൽ കടക്കാർക്കും കൊടുക്കുന്ന അരിയുടെ ഡിപ്പോ വില ഒരേ രീതിയിലാക്കുക.

(9) ന്യായവില ഡിപ്പോ ഉടമസ്ഥന്മാരോടു് ഡിപ്പാർട്ടുമെൻറു് ഉദ്യോഗസ്ഥന്മാർ മര്യാദയായി പെരുമാറുക.

(10) പരിശോധനയിൽ കണ്ടുപിടിക്കുന്ന ക്രമക്കേടുകൾക്കു് നൽകി വരുന്ന നീതിരഹിതമായ ശിക്ഷകൾ ഇളവു് ചെയ്യുക.

(11) സെൻട്രൽ സ്റ്റോറേജു് ഡിപ്പോ കൺട്രാക്ടറന്മാർ വ്യാപാരികളിൽനിന്നും ഈടാക്കുന്ന ഡപ്പിവരി ചാർജ്ജു് നിറുത്തലാക്കുക.

(സി, ഡി) ഇവയെല്ലാം പരിശോധിച്ചുകൊണ്ടിരിക്കുന്നു. താമസിയാതെ തീരുമാനം എടുക്കുന്നതാണു്.

പാലം പണി.

* 683. [8] ശ്രീ. എം. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വെസ്റ്റുകോസ്റ്റു റോഡിൽ മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു പണിയാൻ ഉദ്ദേശിക്കുന്ന പാലങ്ങൾ ഏതെല്ലാമെന്നും, ഏതുക്കു, കല്ലായി പാലങ്ങൾ എന്നു പണി ആരംഭിക്കുമെന്നും പറയുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ)

വെസ്റ്റുകോസ്റ്റു റോഡിൽ മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു പണി ആരംഭിച്ചുവയും പണിയാൻ ഉദ്ദേശിക്കുന്നവയും ആയ പാലങ്ങളുടെ ലിസ്റ്റു മേശപ്പുറത്തുവെച്ചിട്ടുണ്ടു്. †

ഏറുക്കു് പാലം പുതുക്കി പണിയുന്നതിനുള്ള അനുമതി കേന്ദ്ര ഗവണ്മെൻറു നൽകിയിട്ടില്ല. അതുകൊണ്ടു് പണി എന്നു് ആരംഭിക്കുമെന്നു് പറയാൻ ഇപ്പോഴും നിർവാഹമില്ല. കല്ലായി പാലത്തിൻറെ പണി അടുത്തുതന്നെ ആരംഭിക്കാൻ കഴിയുമെന്നു് പ്രതീക്ഷിക്കുന്നു.

ശ്രീ. ഈ. പി. ഗോപാലൻ : വളരെയധികം പഴകി പൊളിഞ്ഞിരിക്കുന്ന പാനൂർ പാലത്തിൽനിന്നും ഒരു വിദ്യാർത്ഥിനി ഈയിടെ വീണു മരണമടഞ്ഞിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? ആ പാലം ഏറ്റവും വേഗം പുതുക്കി പണിയുന്നതിനുള്ള നടപടികളെടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : പാനൂർ പാലം വെസ്റ്റുകോസ്റ്റു റോഡിൽ പെട്ടതല്ല. അതുകൊണ്ടു് അതു് ഈ ചോദ്യത്തിൽ ഉൾപ്പെടുന്നില്ല.

† Appendix I

LIBRARY ARCHIVES Kerala Legislative Assembly